ഡോക്ടർ ഗ്രാമിയുടെ ആശുപത്രി

ഇ. ഹരികുമാർ



ഡോക്ടർ ഗ്രാമിയുടെ ആശുപത്രി

ഇ. ഹരികുമാർ
(മലയാളം: ചെറുകഥ)

© 2026, E. Harikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Goldfish, a painting by James Sillett (1764–1840). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഡോക്ടർ ഗ്രറാമിയുടെ ആശുപത്രി

കന്നിൻചന്ദ്രവിലെ അത്രവിയെപ്പറ്റി അയാൾ മകനു പറഞ്ഞു കൊടുത്തു. അവൻ ജനിക്കുന്നതിനു മുമ്പ് താൻ അമ്മയുമൊത്ത് അവിടെ പോയത്. മുട്ടുവരെ ആഴമുള്ള തെളിനെല്ലെം. അടിയിൽ മഞ്ഞനിറത്തിൽ വൃത്തിയുള്ള മണൽ, ഉരുളൻ കല്ലുകൾ. ചിലയിടത്ത് കറുത്ത പാറകൾ. പാറപ്പള്ളങ്ങൾക്കിടയിൽ നീന്തിക്കളിക്കുന്ന പരൽമീനുകൾ. അവയെ പിടിക്കാൻ ശ്രമിച്ചപ്പോൾ അമ്മ വഴുതി വീണ് സാരി നനഞ്ഞല്ലോ.

ശിശുസഹജമായ കൗതുകത്തോടെ, ഇടത്തിട്ടയ്ക്ക് ചെറുചോദ്യങ്ങൾ ചോദിച്ച് വിള്ള എല്ലാം കേട്ടിരുന്നു.

ഇത്ര ചെറിയ മത്സ്യങ്ങളോ?

അവൻ വിരലുകൾകൊണ്ട് വലുപ്പം കാണിച്ചു.

അതെ. രാമചന്ദ്രൻ പറഞ്ഞു. ചിലത് അതിലും വലിയവ.

വിള്ള ആലോചിക്കുകയാണ്. അത്രവിയെപ്പറ്റി, മത്സ്യങ്ങളെപ്പറ്റി, ഒരു ചിത്രം മനസ്സിലുണ്ടാക്കുകയാണ് അവൻ. അവന് വളരെ വ്യക്തമായ ഒരു ചിത്രം വരയ്ക്കാൻ കഴിയില്ലെന്ന് അയാൾക്കറിയാം. കാരണം അഞ്ചു വയസ്സിനിടയ്ക്ക് അവൻ ഒരത്രവി കണ്ടിട്ടില്ല. പോരാത്തതിന് അയാൾ മുഴുവൻ പറഞ്ഞിട്ടുമില്ല. പറയാനിരിക്കുന്നത് പറഞ്ഞതിനേക്കാൾ ക്ലേശത്തിലാണ്. തെളിഞ്ഞ ആകാശത്തെപ്പറ്റിയും, പൂമ്പുള്ള വൃക്ഷങ്ങളുടെ പച്ചപ്പിനെപ്പറ്റിയും കന്നിൻനിറ കടന്നുവന്ന് തങ്ങളെ തഴുകിയിരുന്ന തണത്തം കാറ്റിനെപ്പറ്റിയും രാമചന്ദ്രൻ പറഞ്ഞിട്ടുണ്ടായിരുന്നില്ല. അളമ്പോലെ രാഗിണിയുടെ കണ്ണുകളിൽ തുടിച്ചുനിന്ന ആവേശത്തെപ്പറ്റിയും കസൃതിയെപ്പറ്റിയും.

അതെല്ലാം ഏഴോ എട്ടോ കൊല്ലങ്ങൾക്കുമുമ്പ് കഴിഞ്ഞവയാണ്. എങ്കിലും ഓർമ്മകൾ ഒരു നിത്യഹരിത വൃക്ഷത്തെപ്പോലെ ഇപ്പോഴും തുടിച്ചു നിൽക്കുന്നു. ദൈനംദിന കർമ്മങ്ങളുടെ അവസാനത്തിൽ അവ ഒളിച്ചിരിക്കുന്നുവെന്നു മാത്രം. ഇന്നിപ്പോൾ അതെല്ലാം ഓർക്കാനുണ്ടായ കാരണമെന്താണ്? രാവിലെ എഴുന്നേറ്റ് ഉമ്മറത്തു വന്നപ്പോൾ വിശിയിരുന്ന തണത്തം കാറ്റാണോ? തളത്തിന്റെ ഒരത്രകിൽ സോഫയുടെ മേലുള്ള ചുമരിലായി വെച്ചിട്ടുള്ള അക്വേറിയത്തിൽനിന്ന് കമിളകൾ പൊട്ടുന്നതിന്റെ ശബ്ദം കേട്ടതാണോ? ആ ഗ്ലൂ ഗ്ലൂ ശബ്ദം അത്രവിയിലെ വെള്ളം പാറക്കെട്ടിൽക്കൂടെ ഒഴുകുന്ന പ്രതീതി ഉണ്ടാക്കി. പലപ്പോഴും രാത്രി വളരെ വൈകംവരെ അയാൾ സോഫയിൽ, തലഭാഗത്ത് ഒരത്രവി ഒഴുകുന്ന ശബ്ദവും ശ്രദ്ധിച്ച് ഒന്നും ചെയ്യാതെ കിടക്കാറുണ്ട്. മോൻ കൊച്ചു വലുമ്പള്ളിൽ പുതഞ്ഞു കൂടി ഉറങ്ങുന്നു. രണ്ടു കൊച്ചും രുമ്പ് അവൻ തന്റെ കഞ്ഞിക്കൈകൾ കൊണ്ട് അമ്മയെ കെട്ടിപിടിച്ച് ഉറങ്ങിയിരുന്നത് രാമചന്ദ്രൻ ഓർക്കുക.

അയാൾ രാഗിണിയെപ്പറ്റി ഓർത്തു. നമുക്ക് സ്വന്തമായി ഒരു വീട്ടു വേണം—അവൾ പറയാറുണ്ട്. അധികം വലുതൊന്നും വേണ്ട. രണ്ടു കിടപ്പുമുറികൾ. പിന്നെ ഇരിക്കാനും ഊണുകഴിക്കാനും ഒരു മുറി, അടുക്കള അതുപോരെ? വെളിച്ചത്തിൽ അവളുടെ മുഖം പ്രകാശിച്ചപ്പോൾ, ഉടലെ നിഴൽവിണ് മങ്ങി. അന്ന് അയാൾക്ക് എന്തോ അകാരണമായ ഒരു ഭയം ഉണ്ടായി.

ഇതാ ഈ സ്വേഡ്ടെയില് ചെറിയ സ്വേഡ്ടെയിലിനെ വല്ലാതെ ഉപദ്രവിക്കുണ്ട്. നമുക്കതിനെ മാറ്റിയിടാം. വിള്ള വിളിച്ചു പറഞ്ഞു.

അയാൾ സപ്രാടനത്തിൽനിന്ന് തിരിച്ചുനടന്നു.

സ്വേഡ് ടെയിലുകൾ സ്വതവേ കറച്ച കലഹപ്രിയരാണ്. വലിയ മത്സ്യങ്ങൾ ചെറിയ മത്സ്യങ്ങളെ ഉപദ്രവിക്കും. ഇവിടെ ഇപ്പോഴുള്ള കലഹം കാമിനി മൂലമാണ്. രണ്ടു ജോടികളാണ് ടെയിലുള്ളത്. ഒരു പെണ്ണിനെ പെറാൻ മാറ്റിയിട്ടിരിക്കയാണ്. രണ്ടാമത്തെ പെണ്ണിന വേണ്ടിയാണ് സ്വേഡ് ടെയിലുകൾ തമ്മിൽ കലഹം.

നമുക്കി സ്വേഡ് ടെയിലിനെ മാറ്റിയിടാം അല്ലേ?

വായനയ്ക്കിടയിൽ അയാൾ മൂളി. പക്ഷേ, അധികനേരം വായിച്ചിരിക്കാൻ കഴിയില്ല. അപ്പോഴേക്ക് മോൻ വലയുമായി വന്ന് ഉറക്കത്തിലെന്നപോലെ ഇടുപ്പിലിരുന്ന് ഉറക്കമായിരുന്ന മത്സ്യത്തെ മാറ്റിയിടാനായി. രാമചന്ദ്രൻ എഴുന്നേൽക്കാൻ നിർബന്ധിതനാകും.

ഗ്രാസ് ടാങ് വലുതാണ്. നാലടി നീളവും, ഒരടി വിതിയും, ഒന്നര അടി ആഴവും. അടിയിലിട്ട മണലിട്ടിക്ക മിതെ ചെറിയ വെള്ളാരംകല്ലുകൾ ഇടയ്ക്കിട്ട് വാലിസ് നേരിയ, അമേസോൺ സ്വേഡ് മുതലായ ചെടികൾ. ചെടികൾക്കും കല്ലുകൾക്കും ഇടയിൽ ഒരു കാട്ടിന്നിടയിലെന്നപോലെ സിനാമിക്കന്റെ പ്രേതവേനം. അവയ്ക്കിടയിൽ വിവിധ നിറത്തിലുള്ള മത്സ്യങ്ങൾ നീന്തിക്കളിക്കുന്നു. ഇണചേരുന്ന, പോരാടുന്ന, സ്വേഡ് ടെയിലുകൾ, ബ്ലാക്ക് മോളികൾ, സ്വർണ്ണ മത്സ്യങ്ങൾ, ഏഴ്നിബുകൾ. അവ പലനിറത്തിൽ വെളുത്തവ, കറുപ്പും വെളുപ്പും ചേർന്നുള്ള. പിന്നെ ഗുപ്പികൾ. വിവിധ നിറങ്ങളുള്ള നീണ്ട വാലുകൾ വിറപ്പിച്ചുകൊണ്ട് അവ നീന്തിക്കളിച്ചു. ഇതാണ് വിള്ളവിന്റെ മത്സ്യലോകം. ചില്ലുതിലുകൾക്കുള്ളിൽ പ്രകൃതിയുടെ ഒരു ചെറുപതിപ്പ്.

ഇണകളുടെ ഈ ലോകത്ത് ഒറ്റയാനായി ഒരു മത്സ്യം മാത്രം. അത് ഗ്രറാമിയാണ്. കിസ്സിംഗ് ഗ്രറാമി. രണ്ടിഞ്ച നീളമുള്ള പരന്ന നീണ്ട മത്സ്യം. അദ്ദേഹത്തെ വിള്ള വിളിക്കുന്നത് ഡോക്ടർ ഗ്രറാമിയെന്നാണ്. ഡോക്ടർമാരുടേതുപോലെ വെളുത്ത ഓവർകോട്ടാണ് ഗ്രറാമിയുടേത്. അദ്ദേഹം അതുകൊണ്ടെ പ്രദർശിക്കാനേ. മോൻ കൊച്ചു വലുള്ളിൽ ചുരുണ്ടു കൂടി ഉറങ്ങുന്നു. രണ്ടു കൊച്ചും രുമ്പ് അവൻ തന്റെ കഞ്ഞിക്കൈകൾ കൊണ്ട് അമ്മയെ കെട്ടിപിടിച്ച് ഉറങ്ങിയിരുന്നത് രാമചന്ദ്രൻ ഓർക്കുക.

അയാൾ രാഗിണിയെപ്പറ്റി ഓർത്തു. നമുക്ക് സ്വന്തമായി ഒരു വീട്ടു വേണം—അവൾ പറയാറുണ്ട്. അധികം വലുതൊന്നും വേണ്ട. രണ്ടു കിടപ്പുമുറികൾ. പിന്നെ ഇരിക്കാനും ഊണുകഴിക്കാനും ഒരു മുറി, അടുക്കള അതുപോരെ? മത്സ്യങ്ങളെപ്പറ്റി അന്വേഷിക്കുക. ഗ്രാസ് ടാങ്കിനുള്ളവന്ന് ഉള്ളിലെ അള്ളത്വലോകം ജിജ്ഞാസയോടെ നോക്കുക. അവൻ നിൽക്കുമ്പോൾ തല ടാങ്കിന്റെ പകതിവരെയെ എത്തുന്നുള്ളൂ. മത്സ്യങ്ങൾ അവൻ നിൽക്കുന്നിടത്തേക്ക വരും ഒരു ചോദ്യത്തോടെ.

പിന്നെ ടാങ്കിനുള്ളിലെ താൽക്കാലികാവസ്ഥയെപ്പറ്റി റണ്ണിങ്ങ് കമന്ററിയാണ്. വർത്തമാനപത്രം വായിച്ചുകൊണ്ടിരിക്കെ അയാൾ മൂളിക്കൊണ്ടിരിക്കും.

അച്ചാ ഏയ്ഞ്ചൽ ഫിഷ് ഗോൾഡ് ഫിഷിനെ വല്ലാതെ ഓടിക്കണണ്ടോട്ടാ. പാവം ഗോൾഡ് ഫിഷ്. അതെന്തിനാണ് ഏയ്ഞ്ചലിന്റെ അടുത്തുപോണതു?

സ്വർണ്ണമത്സ്യങ്ങൾ വിള്ളവിന്റെ ഇഷ്ടക്കാരാണ്. അവ ആരുമായും ഇടപഴകിക്കില്ല. തലച്ചി കമ്പയ്ക്കള ആ മത്സ്യങ്ങൾക്ക് സ്വന്തം ശക്തി അറിയില്ലെന്നതോന്നുന്നു. അളുകൾക്കു മറ്റ് മത്സ്യങ്ങൾ ഉപദ്രവിച്ചാലും തിരിച്ച് ഉപദ്രവിക്കാതെ ഭാരിച്ച ദേഹവും കല്ലക്കി നിന്തിയകലും. അത് വിള്ളവിന് ധാർമിക രോഷമുണ്ടാക്കുന്നു.

അവന്റെ റണ്ണിങ്ങ് കമന്ററി ഇടതുക തന്നെയാണ്.

ഓറഞ്ച് ഗപ്പിയുടെ വാല് കാണാൻ നല്ല ഭംഗിയുണ്ട്. ഈ സൂര്യവെളിച്ചത്തില്.

ജനലിലൂടെ അരിച്ചുവന്ന വെളിച്ചം ടാങ്കിനുള്ളിൽ പ്രകാശത്തിന്റെ ഒരു അള്ളതപ്രപഞ്ചം ഉണ്ടാക്കിയിരിക്കുന്നു. ചെടികൾക്ക് അവയുടെ ഹരിതാഭ വീണ്ടു കിട്ടി. കല്ലുകൾ പ്രകാശിക്കുന്നു. മത്സ്യങ്ങളുടെ തനി മയുള്ള നിറങ്ങൾ ഉദിച്ചുകണ്ടു. ആ ടാങ്കിനുള്ളിൽ മത്സ്യങ്ങളുടെ വലുപ്പത്തിലുള്ള ഒരാളായി നടക്കാൻ അയാൾക്കുതോന്നി.

മലഞ്ചെരുവിൽ മരങ്ങൾക്കിടയിലൂടെ രാഗിണിയുടെ ഒപ്പം നടന്നല്ല അയാൾ ഓർത്തു. വൈകുന്നേരങ്ങളിൽ ചെരിഞ്ഞു വീഴുന്ന സൂര്യരശ്മികൾ ഇലകളിലൂടെ വീഴുന്നല്ല് രാഗിണിയുടെ മുഖത്ത് വെളിച്ചവും നിഴലുമുണ്ടാക്കി. വെളിച്ചത്തിൽ അവളുടെ മുഖം പ്രകാശിച്ചപ്പോൾ, ഉടലെ നിഴൽവിണ് മങ്ങി. അന്ന് അയാൾക്ക് എന്തോ അകാരണമായ ഒരു ഭയം ഉണ്ടായി.

ഇതാ ഈ സ്വേഡ്ടെയില് ചെറിയ സ്വേഡ്ടെയിലിനെ വല്ലാതെ ഉപദ്രവിക്കുണ്ട്. നമുക്കതിനെ മാറ്റിയിടാം. വിള്ള വിളിച്ചു പറഞ്ഞു.

അയാൾ സപ്രാടനത്തിൽനിന്ന് തിരിച്ചുനടന്നു.

സ്വേഡ് ടെയിലുകൾ സ്വതവേ കറച്ച കലഹപ്രിയരാണ്. വലിയ മത്സ്യങ്ങൾ ചെറിയ മത്സ്യങ്ങളെ ഉപദ്രവിക്കും. ഇവിടെ ഇപ്പോഴുള്ള കലഹം കാമിനി മൂലമാണ്. രണ്ടു ജോടികളാണ് ടെയിലുള്ളത്. ഒരു പെണ്ണിനെ പെറാൻ മാറ്റിയിട്ടിരിക്കയാണ്. രണ്ടാമത്തെ പെണ്ണിന വേണ്ടിയാണ് സ്വേഡ് ടെയിലുകൾ തമ്മിൽ കലഹം.

നമുക്കി സ്വേഡ് ടെയിലിനെ മാറ്റിയിടാം അല്ലേ?

വായനയ്ക്കിടയിൽ അയാൾ മൂളി. പക്ഷേ, അധികനേരം വായിച്ചിരിക്കാൻ കഴിയില്ല. അപ്പോഴേക്ക് മോൻ വലയുമായി എത്തിയിട്ടുണ്ടാവും. ഉപദ്രവകാരിയായ മത്സ്യത്തെ മാറ്റിയിടാനായി. രാമചന്ദ്രൻ എഴുന്നേൽക്കാൻ നിർബന്ധിതനാകും.

ഗ്രാസ് ടാങ് വലുതാണ്. നാലടി നീളവും, ഒരടി വിതിയും, ഒന്നര അടി ആഴവും. അടിയിലിട്ട മണലിട്ടിക്ക മിതെ ചെറിയ വെള്ളാരംകല്ലുകൾ ഇടയ്ക്കിട്ട് വാലിസ് നേരിയ, അമേസോൺ സ്വേഡ് മുതലായ ചെടികൾ. ചെടികൾക്കും കല്ലുകൾക്കും ഇടയിൽ ഒരു കാട്ടിന്നിടയിലെന്നപോലെ സിനാമിക്കന്റെ പ്രേതവേനം. അവയ്ക്കിടയിൽ വിവിധ നിറത്തിലുള്ള മത്സ്യങ്ങൾ നീന്തിക്കളിക്കുന്നു. ഇണചേരുന്ന, പോരാടുന്ന, സ്വേഡ് ടെയിലുകൾ, ബ്ലാക്ക് മോളികൾ, സ്വർണ്ണ മത്സ്യങ്ങൾ, ഏഴ്നിബുകൾ. അവ പലനിറത്തിൽ വെളുത്തവ, കറുപ്പും വെളുപ്പും ചേർന്നുള്ള. പിന്നെ ഗുപ്പികൾ. വിവിധ നിറങ്ങളുള്ള നീണ്ട വാലുകൾ വിറപ്പിച്ചുകൊണ്ട് അവ നീന്തിക്കളിച്ചു. ഇതാണ് വിള്ളവിന്റെ മത്സ്യലോകം. ചില്ലുതിലുകൾക്കുള്ളിൽ പ്രകൃതിയുടെ ഒരു ചെറുപതിപ്പ്.

ഇണകളുടെ ഈ ലോകത്ത് ഒറ്റയാനായി ഒരു മത്സ്യം മാത്രം. അത് ഗ്രറാമിയാണ്. കിസ്സിംഗ് ഗ്രറാമി. രണ്ടിഞ്ച നീളമുള്ള പരന്ന നീണ്ട മത്സ്യം. അദ്ദേഹത്തെ വിള്ള വിളിക്കുന്നത് ഡോക്ടർ ഗ്രറാമിയെന്നാണ്. ഡോക്ടർമാരുടേതുപോലെ വെളുത്ത ഓവർകോട്ടാണ് ഗ്രറാമിയുടേത്. അദ്ദേഹം അതുകൊണ്ടെ പ്രദർശിക്കാനേ. ഗണ്ടുകൂടാതെ, നിസ്വാർഥസേവനം അനുഷ്ഠിക്കുന്നു. ടാങ്കിന്റെ ചില്ലിത്തിരികൾ, ചെടിയുടെ തണ്ടുകൾ, ഇലകൾ എന്നിവയെല്ലാം നക്കി പൂപ്പൽ കളയുകയാണ് അദ്ദേഹത്തിന്റെ പണി. അദ്ദേഹം നിരന്തരം യാതൊന്നു മുമ്പുമുണ്ടായിട്ടുമെന്നു ചെയ്തു വന്നു. ഒരു ചെടി കഴിഞ്ഞാൽ അടുത്ത ചുമർ. ധൃതിയിൽ ജോലിചെയ്തു കൊണ്ടിരിക്കെ അണ്ടബത്തിൽ മറ്റേതെങ്കിലും മത്സ്യത്തെ നക്കിയെന്നവരം. ഉടനെ 'സോറി' പറഞ്ഞ് ഡോക്ടർ അടുത്ത ചെടിയിലേക്ക് തിരിയുന്നു. ദേഷ്യമില്ല. പകയില്ല. വാശിയില്ല. പരോപകാരതൽപരത മാത്രം.

ആ വലിയ ടാങ്കിനടുത്തുതന്നെയിട്ടിരിക്കുന്ന രണ്ടു ടാങ്കാണ് ഡോക്ടർ ഗ്രറാമിയുടെ ആസ്ത്രി. ആ പേരുവരാൻ കാരണം. ഗ്രറാമിയും അതിന്റെ ഇണയും കട്ടിയായിരുന്നപ്പോൾ അസൂഖം ബാധിച്ച് ആ ടാങ്കിലായിരുന്നു. അതിന്റെ ഇണ ചത്തുപോയി. ഡോക്ടർ ഗ്രറാമി രണ്ടു മാസത്തെ ചികിത്സയ്ക്കുശേഷം അള്ളതകരമായി രക്ഷപ്പെട്ടു. അതിനു ശേഷമാണ് വിള്ള ആ ടാങ്കിനെ ഡോക്ടർ ഗ്രറാമിസ് ഹോസ്പിറ്റൽ എന്ന് വിളിക്കാൻ തുടങ്ങിയത്. അതിൽ ഇപ്പോൾ കിടക്കുന്നത് ചൂവന്ന തടിച്ച് സുന്ദരിയായ സ്വേഡ് ടെയിൽ ആണ്. പ്രസവത്തിനു വേണ്ടി മാറ്റിയിട്ടതാണ്. വിള്ള അതിനെ വിളിക്കുന്നത് അമ്മുക്കുട്ടിയമ്മ എന്നാണ്. ഒരു പക്ഷേ, ആ മത്സ്യം പെറ്റിരിക്കാനും മതി.

അച്ചാ അമ്മുക്കട്ടിയമ്മ പ്രസവിച്ചു.

വിള്ള വിളിച്ചു പറഞ്ഞു. അയാൾ നോക്കി. ശരിയാണ്. ചെറിയ നേരിയ ഓറഞ്ച് നിറമുള്ള കുട്ടികൾ. അവ ടാങ്കിന്നടിയിൽ ഇട്ട വെള്ളാരംകല്ലുകൾക്കു മീതെ അരിച്ചു നടന്നു. ചിലവ അമ്മയുടെ അടുത്ത്, എന്നാൽ വളരെ ദൂരം തടസ്സമില്ലാതെ കാണാൻ പറ്റും. താഴെ വൃക്ഷത്തലപ്പുകൾ ഒരു പച്ചപ്പരവതാനിപോലെ. മീതെ നീലാകാശം. ഇടയ്ക്കിട്ട് വെള്ള മേഘങ്ങൾ. അവയ്ക്കിടയിൽ പറന്ന കളിക്കുന്ന പക്ഷികൾ...

പുതിയ വീട്ട് ശരിക്കു പറഞ്ഞാൽ തയ്യാറായിരിക്കുന്നു. മുന്നാം നിലയിലെ ഫ്ളാറ്റ് തന്റെ വിവരണങ്ങളിൽ ചിത്രീകരിക്കും പോലെത്തന്നെയായിരുന്നു. വൈദ്യുതി കണക്ഷൻ കൂടി കിട്ടിയാൽ പാർപ്പാക്കാം. അയാൾ ദുഃഖത്തോടെ ഓർത്തു. ഈ വീട്ടിൽ രാഗിണിയുടെ കാൽപ്പാടുകളുണ്ട്. അവളുടെ നിശ്വാസം അലിഞ്ഞു ചേർന്ന വായുവാണി വീട്ടിൽ. ഓർമകളിൽ നിന്നു രക്ഷപ്പെടാൻ താൻ വീട്ട മാറാൻ തീർച്ചയാക്കിയതിൽ അയാൾ വേദനിച്ചു.

വിള്ളവിനും ഇടയ്ക്കിടയ്ക്ക് അമ്മയുടെ ഓർമയുണ്ടാവാറുണ്ട്. ഒരു ദിവസം രാവിലെ എഴുന്നേറ്റപ്പോൾ അവൻ കാസറ്റുകളിട്ട ട്രോയർ തപ്പുകയായിരുന്നു.

അയാൾ ചോദിച്ചു. എന്താണ് മോനെ നോക്കുന്നതു?

ഒരു കാസറ്റ്.

ഏതു കാസറ്റെന്നു പറയുവാൻ അവനു കഴിഞ്ഞില്ല. അവസാനം ഒരു പൊടി പിടിച്ച കാസറ്റെടുത്തു പൊന്തിച്ചു കാണിച്ചു.

ശ്രീ വെങ്കിടേശ സുപ്രഭാതം!

അയ്യ! രാഗിണിയുടെ ചുരക്കം ചില ദൗർബല്യങ്ങളിൽ ഒന്നായിരുന്നു.

വിള്ള ആ കാസറ്റും പിടിച്ചുകൊണ്ട് നിൽക്കുകയാണ്.

ഇതു നല്ല കാസറ്റാണോ അച്ചാ?

കഴിഞ്ഞ ഒരു കൊല്ലമായി സുബ്രഹ്മണ്യിയുടെ ശബ്ദം വീട്ടിൽ ഉണ്ടായിരുന്നില്ല. അതവന് അറിയാം. അതിന്റെ കാരണമെന്തെന്നും ഊഹിച്ചു കാണണം.

മോന് ഇത് കേൾക്കണോ?

അവന്റെ മുഖം തെളിഞ്ഞു.

പിറ്റേന്ന് പ്രഭർച്ചെ വിള്ള ഉണരുന്നതിനു മുമ്പ് അയാൾ ആ കാസറ്റ് പാടിച്ചു. പുറത്ത് അപ്പോഴും ഇരുട്ടായിരുന്നു. ക്ലാവുപിടിച്ച ഒരു ഓട്ടു നിലവിളക്ക് അയാൾ ഷെൽഫിൽ നിന്ന് തപ്പിയെടുത്തു. പഴി കൂട്ടി കഴുകിയപ്പോൾ ആ വിളക്ക് തിളങ്ങി. എണ്ണയൊഴിച്ച് തിരിയിട്ട് അയാൾ വിള്ളക്കു കൊളുത്തി. രാഗിണിയുടെ നിറം ഓട്ടു വിളക്കിന്റെ നിറമായിരുന്നു. തളത്തിൽ ചുവരിൽ തറച്ച സ്റ്റാൻഡിൽ പൊടി പിടിച്ച ശ്രീകൃഷ്ണ പ്രതിമ തുടച്ചു വൃത്തിയാക്കി. നിലവിളക്ക് വെച്ചു. ചന്ദനത്തിരി പുകച്ചു സുബ്രഹ്മണ്യി പാടുകയായിരുന്നു.

വിള്ള അപ്പോഴും ഉറങ്ങുകയായിരുന്നു.

ഉണർന്നെഴുന്നേറ്റു വന്നപ്പോൾ വിള്ള ചോദിച്ചു.

അച്ഛൻ ഇന്ന രാവിലെ ആ കാസറ്റ് വെച്ചിരുന്നോ?

ഉവ്വെന്ന് ആയാൾ തലയാട്ടി.

ഞാൻ വിചാരിച്ചു സ്വപ്നം കണ്ടതാവും‌ന്ന്.

ഞായറാഴ്ച അവധി ദിവസങ്ങളിൽ സ്വതവേ അയാൾ വൈകിയാണ് എഴുന്നേൽക്കാറ്. ഏഴര മണിക്ക് എഴുന്നേറ്റു വന്നപ്പോഴേക്ക് വിള്ളവിന്റെ കളി കഴിഞ്ഞു. രേണു അവനെ പുറപ്പെടുവിക്കുന്നു. അയാൾക്ക് അള്ളതം തോന്നി. അവന്ന് പദവുറിന്റെ വാസനയുണ്ടായിരുന്നു. അയാൾ അവനെ അരികിൽ ചേർത്തു പിടിച്ചു.

മോൻ ഇന്ന് നല്ല കുട്ടിയായി നേർത്തെ കളിച്ചിട്ടുണ്ടല്ലൊ.

അച്ഛൻ മറന്നോ?

അവൻ ചോദിച്ചു. അയാൾ ചോദ്യഭാവത്തോടെ അവനെ നോക്കി.

ഇന്നല്ലേ പുതിയ വീട്ട് കാണാൻ പോവാംന്ന് പറഞ്ഞിട്ടുള്ളതു?

ശരി തന്നെ. അയാൾ മറന്നുപോയിരുന്നു. ഈ ഞായറാഴ്ച എന്തായാലും അവനെ കൊണ്ടുപോകാമെന്നേറ്റിരുന്നു. കഴിഞ്ഞ രണ്ടു ഞായറാഴ്ചയും കഴിഞ്ഞില്ല.

അച്ഛൻ എണീറ്റ് കളിക്കൂ.

ഇതാ എണീറ്റ്. അയാൾ എഴുന്നേറ്റു.

ആട്ടെ നീ ഇന്ന് മത്സ്യക്കട്ടികളെ നോക്കിയോ?

ഇല്ല! അവൻ ക്ഷമാപണത്തോടെ പറഞ്ഞു. മറന്നുപോയിന്നല്ലേ? ഞാൻ നോക്കി വരാം. അപ്പോഴേക്കും അച്ഛൻ കളിച്ചു വരണം.

ശരി.

പക്ഷേ, കളിമുറിയിലേക്ക് കടന്ന ഉടനെ അയാൾ മോന്റെ വിളികേട്ടു. കറച്ച കാര്യമായ എന്തോ ആവശ്യത്തിനാണ് വിളിക്കുന്നതെന്ന് തോന്നി. നോക്കിയപ്പോൾ അവൻ ഡോക്ടർ ഗ്രറാമിയുടെ ആശ്രപത്രിക്ക മുമ്പിലാണ്.

അച്ഛാ, ഇതിലെ വെള്ളം കണ്ടില്ലേ കലങ്ങിരിക്കണേ? നമുക്ക് വെള്ളം മാറ്റാം.

വെള്ളം കലങ്ങിയിരിക്കുന്നു. ശരിയാണ്. അത് കട്ടികൾക്ക് വിഷമമുണ്ടാക്കുന്നുമുണ്ട്. കട്ടികൾ ജലപ്രതലത്തെ തൊട്ടുതാഴെ ശ്വാസം കിട്ടാൻ വിഷമമുള്ള മട്ടിൽ നിന്നുകയാണ്. അപ്പോഴാണ് അയാൾ കണ്ടത്. ഫിൽട്ടർ പ്രവർത്തിക്കുന്നില്ല. ഒരു പക്ഷേ രാത്രി മുഴുവൻ അത് പ്രവർത്തിച്ചിട്ടുണ്ടാവില്ല. അതാണ് വെള്ളം കലങ്ങാൻ കാരണം.

നമുക്ക് ഇപ്പൊത്തന്നെ വെള്ളം മാറ്റാം അച്ഛാ.

അയാൾ ആലോചിച്ചു. ഇപ്പോൾ വെള്ളം മാറ്റിയാൽ ആ പാവങ്ങളെ ഉപദ്രവിക്കലാവും. ഒരു പക്ഷേ, അസുഖം ബാധിച്ച് എല്ലാം ചത്തെന്നും വരും. അയാൾ പറഞ്ഞു.

അങ്ങനെ വെള്ളം മാറ്റാൻ പാടില്ല മോനെ. ഒരു ദിവസം പ്രായമായ കട്ടികളല്ലേ? അവസ്സിപ്പോഴും അമ്മടെ ഗന്ധമുള്ള വെള്ളം തന്നെ വേണം. നീന്തി കളിക്കാൻ. നമുക്കി ഫിൽട്ടർ ശരിയാക്കാം. രണ്ടു മണിമുഴുവിനുള്ളിൽ വെള്ളം തെളിയും.

ഈ വെള്ളത്തിന് അമ്മ മത്സ്യത്തിന്റെ വാസനയുണ്ടാവോ?

ഉണ്ടാവും. ഒരാഴ്ച ആ മത്സ്യം ഈ ടാങ്കിൽ കിടന്നതല്ലേ? ഈ കണ്ണുങ്ങൾ അമ്മയുടെ വയറ്റിൽ കിടന്നപ്പോഴുള്ള ഗന്ധം തന്നെ വേണം കറച്ച വല്ലതാവണവരെ. നമ്മൾ വെള്ളം മാറ്റിയാൽ പാപമാണ്.

വിള്ള നിശ്ശബ്ദനായി, ടാങ്കിനുള്ളിലേക്ക് നോക്കിനിന്നു.

അയാൾ പതുക്കെ കളിമുറിയിലേക്ക് വലിഞ്ഞു. കളിമുറിയിൽ കടന്ന് വാതിലടച്ചപ്പോൾ അയാൾ എന്തുകൊണ്ടോ രാഗിണിയെ ഓർത്തു. ഒരു മിറവസം രാമചന്ദ്രൻ ഓഫീസിൽനിന്ന് വരുമ്പോൾ രാഗിണി ചെറിയ ഭയത്തോടെ ഇരിക്കുകയായിരുന്നു. അന്ന് ആ ടാങ്കിനു 'ഡോക്ടർ ഗ്രറാമിയുടെ ആശ്രപത്രി' എന്ന പേരിട്ടിട്ടില്ല. അതൊരു സ്ഥിര പ്രസവവാർഡാക്കിയതിനു ശേഷമാണ് വിള്ള ആ പേരിട്ടത്. അയാൾ അടുത്തു ചെന്നപ്പോൾ ശബ്ദമുണ്ടാക്കരുതെന്ന് അവൾ ആംഗ്യം കാട്ടി. അവൾ പതുക്കെ പറഞ്ഞു.

നോക്കൂ. ഇതു പ്രസവിക്കുവാണ്.

അയാൾ അനങ്ങാതെ അവളുടെ അടുത്തു പോയി നന്നു. അതൊരു സ്വേഡ്ടെയിൽ ആയിരുന്നു. ചുവന്ന തടിച്ച സുന്ദരിയായ ഒരു മത്സ്യം. കറച്ചനേരം അള്ള് നിന്തിനടക്കുക. പിന്നെ അടിത്തട്ടിലെ കല്ലുകൾക്ക് ഒരിഞ്ചു മുകളിലായി അള്ള് അനങ്ങാതെ നില്ലം. അടിവയറ്റിൽ നിന്ന് രണ്ടു മൃന്നകട്ടികൾ പുറത്തേക്ക് തെറിക്കുക. പിന്നെ ഒരു പിടച്ചിലാണ് ആ മത്സ്യം ടാങ്കിൽ മുകളിലേക്കും ചുവട്ടിലേക്കും പിടച്ചിലോടെ കതിക്കുന്നു.

പാവം അവൾക്ക് നല്ല വേദനഞ്ഞെന്നാണ് തോന്നണള്ള്.

രാഗിണി പറഞ്ഞു. അവളുടെ സ്വരത്തിൽ അനുതാപമുണ്ടായിരുന്നു. അതയാളെ വിഷമിപ്പിച്ചു. കറച്ചനേരത്തെ പിടച്ചിലിനു ശേഷം മത്സ്യം വിണ്ടും ഒരു മാതിരി ശാന്തയായി നിന്നുന്നു. വിണ്ടും ഒരിടത്ത് അനങ്ങാതെ നില്ലുന്നു. അടിവയറ്റിൽ നിന്ന് കട്ടികൾ പുറത്തേക്ക് തെറിക്കുന്നു.

അയാൾ അമ്മണിള്ളറോളം ആ ടാങ്കിനു മുമ്പിൽ ഇരുന്നു. പേറു കഴിഞ്ഞപ്പോഴേക്ക് അവൾ അവശയായിരുന്നു.

പെട്ടെന്നൊരു തേങ്ങൽ കേട്ടപ്പോഴാണ് രാമചന്ദ്രൻ ശ്രദ്ധിച്ചത്. രാഗിണി കരയുകയായിരുന്നു. സാരിയുടെ ഇമ്പുകൊണ്ട് കണ്ണീർ തുടച്ച് അവൾ നിശ്ശബ്ദയായി കരയുകയായിരുന്നു.

രാഗിണിയുടെ പ്രസവം കറച്ച് വിഷമം പിടിച്ചതായിരുന്നു. അവൾ സ്വതവേ ക്ഷീണിതയായിരുന്നു. പ്രസവ വേദന തുടങ്ങിയപ്പോഴാണ് ആസ്ത്രിയിൽ പ്രവേശിപ്പിച്ചത്. നീണ്ട പത്തുമണിമുഴുവൻ അവൾ വേദന സഹിച്ചുകിടന്നു. അവസാനം അവൾ പറഞ്ഞു. എനിക്ക് സഹിക്കാൻ വയ്യ. ഒരു മണിള്ളർമുട്ടി കാത്തശേഷം കട്ടിയെ എടുക്കുകയാണുണ്ടായത്.

കളി കഴിഞ്ഞ് അയാൾ വേഗം പുറപ്പെട്ടു. ദോശ തയ്യാറായെന്ന് രേണു അറിയിച്ചു. അയാൾ വിള്ളവിനെ വിളിക്കാനായി ചെന്നു. അവൻ ടാങ്കിനു മുമ്പിൽ അതേ നില്പാണ് അവന്റെ മുഖം വാടിയിരുന്നു.

എന്തു പറ്റി വിള്ള? അയാൾ ചോദിച്ചു.

അവൻ ഒന്നും പറഞ്ഞില്ല. മത്സ്യക്കട്ടികളെ നോക്കിക്കൊണ്ടിരിക്കുക മാത്രം ചെയ്തു. അവൻ എന്തോ ആലോചിക്കുകയായിരുന്നു.

അച്ഛാ, ഈ മത്സ്യക്കട്ടികൾക്ക് ശരിക്കും വെള്ളത്തിൽ അമ്മടെ വാസന കിട്ടോ?

കിട്ടും മോനെ! എല്ലാ ജീവികൾക്കും അങ്ങനെയാണ്. കട്ടികൾക്ക് അമ്മയുടെ വാസന മനസ്സിലാവും.

പെട്ടെന്ന് അയാൾ നിർത്തി. വിള്ളവിന്റെ മുഖം ഇതളുന്നതും കണ്ണിൽ വെള്ളം ഉണ്ടുന്നു കൂടുന്നതും അയാൾ കണ്ടു. ആ കണ്ണീർ തുടയ്ക്കാൻ അയാൾ അശ

ഇ. ഹരികുമാർ



1943 ജൂലൈ 13-ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി. എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ് (ഭാര്യ: ശുഭ). കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചു വന്നു. 1962 തൊട്ട് ചെറുകഥകളെഴുതി തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72-ൽ പ്രസിദ്ധപ്പെടുത്തി. പതിനഞ്ചു കഥാസമാഹാരങ്ങളും ഒമ്പത് നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പുരസ്കാരങ്ങൾ

- 1988-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദി നോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.
- 1997-ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.
- 1998-ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.
- 2006-ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.
- 2012-ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തകപ്രസിദ്ധീകരണം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>